നം. സി.ഇ.ഇ/2062/2008/സി.എ.പി.-09/റ്റി.എ.1

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേയ്ക്കുള്ള അന്തിമ ഘട്ട അലോട്ട്മെന്റ് 17.10.2009 ന് പ്രസിദ്ധീകരിക്കുന്നു

എഞ്ചിനീയറിംഗ്, ആയുർവ്വേദം, ഹോമിയോ, കേരളാ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി കോഴ്സുകൾ എന്നീ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്ക് 2009 ലെ പ്രവേശനത്തിനുള്ള അന്തിമ ഘട്ട അലോട്ട്മെന്റ് **17.10.2009** ന് **www.cee.kerala.gov.in** എന്ന വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**17.10.2009** ന് പ്രസിദ്ധീകരിക്കുന്ന അലോട്ട്മെന്റ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ, **19.10.2009 മുതൽ 21.10.2009 വരെ** തീയതികളിൽ **SBT** യുടെ തെരഞ്ഞെടുക്കപ്പെട്ട ശാഖകളിൽ ഫീസ് ഒടുക്കിയതിനുശേഷം, അതത് കോളേജുകളിൽ **19.10.2009 മുതൽ 21.10.2009 വരെ** തീയതികളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്.

ഒന്ന്, രണ്ട്, മൂന്ന് ഘട്ട അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിച്ച് അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക്, **17.10.2009** ലെ അലോട്ട്മെന്റിൽ കോളേജ്/കോഴ്സ് മാറ്റം ലഭിക്കുകയാണെങ്കിൽ ഇപ്പോൾ പഠിക്കുന്ന കോളേജിൽ നിന്നും ടി.സി. കൈപ്പറ്റി, അവരവരുടെ ഹോംപേജിൽ പറയുന്ന പ്രകാരം ബാക്കി ഫീസ് **21.10.2009** ന് മുൻപ് **SBT** യുടെ തെരഞ്ഞെടുക്കപ്പെട്ട ശാഖകളിൽ ഒടുക്കി, **ഒക്ടോബർ 19 മുതൽ 21 വരെ തീയതികളിൽ** പ്രോസ്പെക്ടസിൽ പറഞ്ഞിട്ടുള്ള രേഖകൾ സഹിതം, പുതുതായി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
16.10.2009